**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** **27-01-2026 - ൽ മറുപടിയ്ക്ക്**

**നോർക്ക നെയിം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്തെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് നോർക്ക മുഖേന നടപ്പിലാക്കിയ നെയിം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br><br>പ്രവാസികൾക്ക് സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു പ്രൊഫഷണൽ ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതുവരെ 20 തൊഴിലുടമകൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ തൊഴിലുടമകളെ ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും എത്ര പേർക്ക് ജോലി നൽകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ കണക്കുകൾ സഹിതം വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം സർക്കാർ നേരിട്ട് ജോല് നൽകുന്നില്ല. തൊഴിലുടമകൾ ആവശ്യപ്പെട്ട ഒഴിവുകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവരുടെ പട്ടിക നോർക്ക റൂട്ട്സ് നെയിം പോർട്ടൽ വഴി നൽകുകയും, തൊഴിലുടമകൾ നേരിട്ട് നിയമനം നടത്തുകയുമാണ് ചെയ്യുന്നത്.<br><br>• വിവിധ തസ്തികകളിലായി 45 തരം ജോലികൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.<br>• ആകെ 307 ഒഴിവുകളാണ് ഇതുവരെ വിജ്ഞാപനം ചെയ്തത്.<br>• പദ്ധതി പ്രകാരം ഇതു വരെ 380 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തു.<br>• ഇതിൽ 230 പേരെ വിവിധ ഒഴിവുകളിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോഴും അപേക്ഷകൾ ക്ഷണിക്കുന്നുണ്ടോയെന്നും നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ? | (സി) | ഈ പദ്ധതി പ്രകാരം തൊഴിലുടമകളാണ് അവർക്കാവശ്യമായ ഒഴിവുകൾ ഓൺലൈൻ പോർട്ടലിൽ പ്രസിദ്ധീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ